# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

തിരുവനന്തപുരം
19.03.2021

നമ്പർ.289/ആർ1/2021/KDRB

## അറിയിപ്പ്

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത മലബാർ ദേവസ്വം ബോർഡിലെ ഗോൾഡ് സ്മിത്ത് തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം **2021 ഏപ്രിൽ 21, 22** എന്നീ തീയതികളിൽ ആലുവയിലുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ് ഗസ്റ്റ് ഹൗസിൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ തങ്ങളുടെ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, സാമുദായിക സംവരണം, മറ്റാനുകൂല്യങ്ങൾ എന്നിവ തെളിയിക്കുന്നതിന് ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളുടെയും കൂടാതെ ഗോൾഡ് സ്മിത്തായി 3 (മൂന്ന്) വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം തെളിയിക്കുന്നതിനായി സ്വർണ്ണം, വെള്ളി ആഭരണങ്ങൾ നിർമ്മിക്കുന്നതോ വിപണനം ചെയ്യുന്നതോ ആയ ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും ലഭിച്ച സാക്ഷ്യപത്രത്തിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ **2021 ഏപ്രിൽ 13 ന്** മുമ്പായി **സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്, ദേവസ്വം ബോർഡ് ബിൽഡിംഗ്, ആയുർവേദ കോളേജ് ജംഗ്ഷൻ, തിരുവനന്തപുരം** എന്ന വിലാസത്തിൽ തപാൽ മാർഗ്ഗം അയച്ചുതരികയോ നേരിട്ടെത്തിക്കുകയോ ചെയ്യേണ്ടതാണ് എന്ന് അറിയിക്കുന്നു. സർട്ടിഫിക്കറ്റുകൾ അയച്ചുതരുന്ന കവറിനു പുറത്ത് തസ്തികയുടെ പേര്, കാറ്റഗറി നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ഇന്റർവ്യൂ മെമ്മോ **06.04.2021** മുതൽ ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്